പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3529 12/12/2014 - ൽ മറുപടിക്ക്

കുട്ടനാട്ടിലെ താറാവ് രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. അജിത്: | | കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | കുട്ടനാടൻ മേഖലയിൽ താറാവുകൾക്ക് രോഗം പടർന്നുപിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുവരെ എത്രത്തോളം താറാവുകളാണ് ഈ രീതിയിൽ മരണപ്പെട്ടതെന്നും രോഗകാരണം എന്തെന്നും വ്യക്തമാക്കുമോ; | എ) | ഉണ്ട്. H5N1 ഇനത്തിൽപ്പെട്ട ഏവിയൻ ഇൻഫ്ലുവൻസ (പക്ഷിപ്പനി)യാണ് രോഗകാരണം. ആലപ്പുഴ , കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ രോഗബാധിത പ്രദേശങ്ങളിൽ 17,835 താറാവുകൾ രോഗം മൂലം മരണപ്പെട്ടിട്ടുണ്ട്. |
| ബി) | താറാവ് രോഗം പടർന്നു പിടിയ്ക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | രോഗബാധിത പ്രദേശങ്ങളുടെ 1 കി.മീ ദൂര പരിധിയിലുള്ള രോഗം ബാധിച്ചതും കൂടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താത്ക്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെ കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസ്സുകൾ നടത്തുകയും, ലഘുലേഖകൾ, നോട്ടീസുകൾ എന്നിവ വിതരണം ചെയ്യുകയും, റേഡിയോ/ പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. രോഗബാധയുള്ള സ്ഥലങ്ങളിൽ അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവർത്തനങ്ങളും നടത്തി. |
| സി) | താറാവ് കർഷകർക്ക് ഏതു രീതിയിലുള്ള സഹായനടപടികളാണ് ഉറപ്പു വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) | താറാവുകർഷകർക്ക് രോഗം ബാധിച്ചതുമൂലം കൊന്ന താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും , രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ |

| | | |
|---|---|---|
| | | നിരക്കിലും നഷ്ടപരിഹാരം നൽകി. രോഗബാധ മൂലം മരണപ്പെട്ട താറാവുകൾക്കും ഇതേ നിരക്കിൽ നഷ്ടപരിഹാരം നൽകും. നശിപ്പിക്കപ്പെട്ട താറാവുമുട്ടയ്ക്കും മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ നിരക്കിൽ സഹായം അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. |
| ഡി) | കുട്ടനാട്ടിലെ താറാവ് സമ്പത്തിന് ഭീഷണിയായ ഈ രോഗത്തിനുള്ള മരുന്നിന്റെ അമിത വില ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഡി) താറാവുകൾക്ക് മരുന്ന് നൽകുന്ന വ്യവസ്ഥ നിലവിലില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കാണ് പ്രതിരോധ മരുന്ന് നൽകുന്നത്. ആവശ്യമായ മരുന്ന് ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ